**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 6412

08.11.2016 ൽ മറുപടിക്ക്

## സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (എസ്.പി.സി.) പദ്ധതിക്ക് പ്ലാൻ ഫണ്ട്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഡി.കെ. മുരളി** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) നടപ്പ് അദ്ധ്യയന വർഷത്തിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (എസ്.പി.സി.) പദ്ധതിക്ക് പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) യും (ബി) യും (സി) യും നടപ്പ് അദ്ധ്യയന വർഷത്തിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിക്ക് 1070 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി മറ്റ് വകുപ്പുകൾ കൂടി സഹകരിച്ച് നടത്തേണ്ട പദ്ധതി ആയതിനാൽ 1070 ലക്ഷം രൂപയിൽ നിന്നും 500 ലക്ഷം രൂപയായി പദ്ധതിയിൽ കുറവുവരുത്തുന്നതിനും ബാക്കിതുക പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിനായി മാറ്റിവയ്ക്കുന്നതിനും സംസ്ഥാന പോലീസ് മേധാവിയുടെ ശുപാർശ ലഭിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) ഇല്ലെങ്കിൽ എന്താണ് കാരണം; എപ്പോൾ ഫണ്ട് അനുവദിക്കും; വിശദമാക്കുമോ; | |
| (സി) പദ്ധതിക്കായി (എസ്.പി.സി.) കഴിഞ്ഞ തവണ അനുവദിച്ചിരുന്ന തുകയിൽ നിന്നും എന്തെങ്കിലും വ്യത്യാസം വരുത്താൻ ആലോചിക്കുന്നുണ്ടോ;എങ്കിൽ എങ്ങനെയെന്ന് വ്യക്തമാക്കുമോ; | |
| (ഡി) എസ്.പി.സി. പദ്ധതി യു.പി. സ്കൂളുകളിൽക്കൂടി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ